**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6636** **11-11-2021 - ൽ മറുപടിയ്ക്ക്**

**കേരള സർവകലാശാലയുടെ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ എംപ്ലോയീസ് സഹകരണ സംഘത്തിന് മന്ദിരം നിർമ്മിക്കുന്നതിന് യൂണിവേഴ്സിറ്റി വക സ്ഥലം പതിച്ചു നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് സർവകലാശാലയുടെ സജീവ പരിഗണനയിലാണോ; | (എ) | കാര്യവട്ടം കാമ്പസിൽ ജീവനക്കാരുടെ സഹകരണസംഘത്തിന് സ്ഥലം പതിച്ച് നൽകാൻ തീരുമാനിച്ചിട്ടില്ല. |
| (ബി) | യൂണിവേഴ്സിറ്റി വക ഭൂമി സർവകലാശാലയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കല്ലാതെ അനുവദിക്കാൻ പാടില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സെനറ്റ് തീരുമാനം മറികടന്ന് സംഘത്തിന് സ്ഥലം പതിച്ചു നൽകാൻ കാരണമെന്താണ്; | (ബി) | ഉണ്ട്; കാര്യവട്ടം കാമ്പസിൽ ജീവനക്കാരുടെ സഹകരണ സംഘത്തിന് സ്ഥലം പതിച്ച് നൽകാൻ തീരുമാനിച്ചിട്ടില്ല. |
| (സി) | യൂണിവേഴ്സിറ്റി പാളയം ക്യാംപസിൽ സർക്കാർ നിയന്ത്രണത്തിലുണ്ടായിരുന്ന പ്രസിദ്ധീകരണ സഹകരണസംഘം നിർത്തലാക്കിയ സാഹചര്യത്തിൽ മേൽപ്പടി ഭൂമി സർവകലാശാലയ്ക്ക് മടക്കി ലഭിച്ചുവോ; | (സി) | പ്രസിദ്ധീകരണ സഹകരണ സംഘത്തിന് സർവ്വകലാശാല ഭൂമി നൽകിയിട്ടില്ല. |
| (ഡി) | കാലിക്കറ്റ് സർവകലാശാലയിൽ മുൻ മുഖ്യമന്ത്രി സി. എച്ച്. മുഹമ്മദ് കോയ ചെയറിന് മന്ദിരം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കണമെന്ന ആവശ്യം സർവകലാശാല നിരാകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | 18/02/2016 തീയതിയിലെ 1753/2016/Admn സർവ്വകലാശാല ഉത്തരവ് പ്രകാരം, 20 സെന്റ് സ്ഥലം ദേശീയപാതയ്ക്ക് പടിഞ്ഞാറുവശം, അക്കാഡമിക്ക് സ്റ്റാഫ്-കോളേജ് ഗസ്റ്റ് ഹൗസിന് മുൻവശത്ത്, സി എച്ച് മുഹമ്മദ് കോയ ചെയറിന് വേണ്ടി അടയാളപ്പെടുത്തി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ